**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** | **12-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമന പട്ടിക തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ പ്രൊമോഷനായി ലഭ്യമായ ശിപാർശകൾ പരിശോധിക്കുന്നതിനായി സ.ഉ.(സാധാ)നം.350/2022/ഉ.വി.വ തീയതി 02.03.2022 പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പിന്നീട് രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി, സർക്കാർ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി യോഗ്യരായി കണ്ടെത്തിയവരിൽ 23 പേരുടെ ശിപാർശകൾ പുന: പരിശോധിച്ച് അവരെ ഒഴിവാക്കി ആകെ 43 പേരുടെ പട്ടിക തയ്യാറാക്കി. തുടർന്ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെയുള്ള കരട് മിനിറ്റ്സിൽ ഉൾപ്പെടുത്തി ടി പട്ടിക സർക്കാർ അംഗീകാരത്തിനു വേണ്ടി ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. |
| (ബി) | പട്ടിക തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി യു.ജി.സി. ചട്ടപ്രകാരം യോഗ്യരായ നാൽപ്പത്തിമൂന്ന് പേരുടെ പട്ടിക തയ്യാറാക്കി വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നോയെന്ന് വിശദമാക്കുമോ; | (ബി) | സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ പ്രൊമോഷനായി ലഭ്യമായ ശിപാർശകൾ പരിശോധിക്കുന്നതിനായി സ.ഉ.(സാധാ)നം.350/2022/ഉ.വി.വ തീയതി 02.03.2022 പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പിന്നീട് രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി, സർക്കാർ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി യോഗ്യരായി കണ്ടെത്തിയവരിൽ 23 പേരുടെ ശിപാർശകൾ പുന: പരിശോധിച്ച് അവരെ ഒഴിവാക്കി ആകെ 43 പേരുടെ പട്ടിക തയ്യാറാക്കി. തുടർന്ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെയുള്ള കരട് മിനിറ്റ്സിൽ ഉൾപ്പെടുത്തി ടി പട്ടിക സർക്കാർ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനു വേണ്ടി ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. |
| (സി) | യു.ജി.സി. ചട്ടപ്രകാരമുള്ള യോഗ്യതകൾ ഇല്ലാത്തതിനാൽ പട്ടികയിൽ നിന്ന് പുറത്തായ അപേക്ഷകരെ കൂടി പരിഗണിക്കുവാൻ ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി നിർദ്ദേശം നൽകിയിരുന്നോ; | (സി) | ഇല്ല. |
| (ഡി) | യു.ജി.സി. അംഗീകൃത ജേർണലുകളിൽ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തവരെ ഉൾപ്പെടുത്തുന്നതിനും പതിനഞ്ച് വർഷത്തെ അദ്ധ്യാപന പരിചയം കണക്കാക്കുന്നതിനായി ഡെപ്യൂട്ടേഷനിൽ അനദ്ധ്യാപക പദവിയിൽ തുടർന്ന അദ്ധ്യാപകരുടെ പ്രസ്തുത കാലയളവിലെ സർവ്വീസ് കൂടി അദ്ധ്യാപന പരിചയമായി പരിഗണിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിനും പ്രൊമോഷനും യൂണിവേഴ്സിറ്റികളിലെ ഗവേഷണ വിഭാഗങ്ങളുടെയും സർക്കാർ കോളജുകളിലെ ഗവേഷണ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്ന ഡിപ്പാർട്ടുമെന്റുകളുടെയും ഐ.എസ്.എസ്.എൻ അംഗീകാരം ഉള്ള 2016 ജൂൺ 13 വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങളും (articles), 14.06.2019 വരെ ISSN നമ്പർ ഉള്ള peer reviewed ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളും (articles), തുടർന്നുള്ള വർഷങ്ങളിൽ യുജിസി കെയർ ലിസ്റ്റഡ് ജേർണലിലെ ലേഖനങ്ങളും (articles) പരിഗണിക്കാവുന്നതാണെന്നും യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവിടങ്ങളിലെ അംഗീകൃത Research സെന്ററുകളിലെ ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ എയ്ഡഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റികളിലെയും അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിനായി നിലവിൽ പരിഗണിക്കുന്നുണ്ടെന്നും സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളും ഉന്നത വിദ്യാഭ്യാസ കൗൺസിലും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിനാൽ യു.ജി.സി റെഗുലേഷൻ ബാധകമായിട്ടുള്ള വിവിധ യൂണിവേഴ്സിറ്റികളിലും ടി യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിലും പ്ലെയ്സ്മെന്റിനായി അംഗീകരിച്ചുവരുന്ന ജേർണലുകൾ സർക്കാർ കോളേജുകളിലെയും അദ്ധ്യാപകരുടെ പ്ലേസ്മെന്റിനും പ്രൊമോഷനും പരിഗണിക്കാവുന്നതാണെന്ന് സ.ഉ(പി)നം.12/2023/ഉ.വി.വ തീയതി 05.01.2023, സ.ഉ(പി)നം.437/2022/ഉ.വി.വ തീയതി 24.03.2023, 10.06.2023 -ലെ എഫ്1/196/2022/ഉ.വി.വ കത്ത് എന്നിവ പ്രകാരം വ്യക്തമാക്കിയിരുന്നു.<br><br>സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് ഡയറക്ട് റിക്രൂട്ട്മെന്റ് സംവിധാനമല്ല നടപ്പിലാക്കിയിരിക്കുന്നത്. യു.ജി.സി. യുടെ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട്, ഒപ്പം വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവുകൾ കൂടി പരിഗണിച്ചു കൊണ്ടുള്ള നിയമന രീതിയാണ് അവലംബിച്ചിട്ടുള്ളത്. അധ്യാപകരുടെ ഗ്രേഡിംഗ് അസ്സസ്സ്മെന്റിൽ നിന്ന് ഡെപ്യൂട്ടേഷൻ കാലം ഒഴിവാക്കണം എന്നല്ലാതെ അടിസ്ഥാന യോഗ്യതയിൽപെട്ട സർവ്വീസിൽനിന്ന് ഡെപ്യൂട്ടേഷൻ കാലം ഒഴിവാക്കേണ്ടതില്ല എന്നാണ് യു.ജി.സി.യുടെ നിർദ്ദേശം. ആയതിനാൽ സ.ഉ.(അച്ചടി)നം. 22/2022/ഉ.വി.വ തീയതി 21.06.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | വകുപ്പുതല സ്ഥാനക്കയറ്റ സമിതി പരിഗണിച്ച് പി.എസ്.സി. അംഗീകരിച്ച പട്ടികയിൽ നിന്നുള്ള പ്രിൻസിപ്പൽ നിയമനങ്ങൾ താൽക്കാലിക നിയമനമായി കണക്കാക്കണമെന്ന നിലപാട് സർക്കാർ കൈക്കൊള്ളാനുള്ള കാരണം വിശദമാക്കാമോ? | (ഇ) | വകുപ്പുതല സ്ഥാനക്കയറ്റ സമിതി സമർപ്പിച്ച കരട് പട്ടികയിൽ നിന്ന് പ്രിൻസിപ്പൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്ന് വരവെ സെലക്ഷൻ കമ്മിറ്റി നടത്തിയ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചു. ടി പരാതികളിൽ കഴമ്പുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടതിനെത്തുടർന്നാണ് അപ്രകാരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് നീതിയുക്തമായി സെലക്ഷൻ നടത്തുന്നതിനായി കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ചത്. OA 828/2023 മേലുള്ള 03.08.2023 ലെ ഉത്തരവ്, MA 1611/2023 in OA 828/2023 മേലുള്ള 21.08.2023 ലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് 23.06.2022 ൽ യോഗം ചേർന്ന വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 43 പേരിൽ വിരമിച്ച 5 പേരേയും താത്കാലികമായി പ്രിൻസിപ്പൽ പ്രൊമോഷനിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ച 2 പേരേയും ഒഴിവാക്കി സ.ഉ.(സാധാ) നം. 1320/2023/ഉ.വി.വ തീയതി 23.08.2023 ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താത്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ